# പതിനാലാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2088 — 05.05.2017 ന് മറുപടിയ്ക്ക്.

## വനാതിർത്തി സംരക്ഷിക്കുന്നതിന് പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ടി.തോമസ്<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.അനിൽ അക്കര<br>ശ്രീ.ഹൈബി ഈഡൻ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് വനാതിർത്തി സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത് ; വിശദമാക്കുമോ ; | (എ) സംസ്ഥാനത്ത് വനാതിർത്തി സംരക്ഷിക്കുന്നതിന് സർവ്വേ നടത്തി അതിരുകൾ നിർണ്ണയിച്ച കയ്യാലകൾ/ജണ്ടകൾ/മുള്ളുവേലികൾ എന്നിവ സ്ഥാപിച്ച് വരുന്നു. |
| (ബി) സംസ്ഥാനത്ത് വനാതിർത്തി വേർതിരിക്കുന്നതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിവരിക്കുമോ; | (ബി) കേരളത്തിലെ വനാതിർത്തികളിൽ സ്ഥിരം ജണ്ട നിർമ്മിച്ചാണ് സ്വകാര്യഭൂമിയിൽ നിന്നും വേർതിരിക്കുന്നത്. ഇത്തരത്തിൽ സ്ഥാപിക്കേണ്ട ജണ്ടകളുടെ എണ്ണം, ജണ്ട സ്ഥാപിക്കേണ്ട സ്ഥലം എന്നീ വിവരങ്ങൾ റെയിഞ്ച് /ഡിവിഷൻ തലങ്ങളിൽ നിർണ്ണയിച്ച് ആയത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വനാതിർത്തി വേർതിരിക്കുന്നതിനായി 2017-18 വർഷാരംഭത്തിൽ 41000-ത്തോളം ജണ്ടകൾ സ്ഥാപിക്കേണ്ടതായി കണക്കാക്കിയിട്ടുണ്ട്. വനാതിർത്തി പൂർണ്ണമായും ജണ്ട സ്ഥാപിച്ച് വേർതിരിക്കുന്നതിലേയ്ക്കായി അവശേഷിക്കുന്ന ജണ്ടനിർമ്മാണം, വർഷം തിരിച്ച് സ്ഥാപിക്കേണ്ട ജണ്ടകളുടെ എണ്ണം നിശ്ചയിച്ച് തുടർനടപടി റെയിഞ്ച്/ഡിവിഷൻ തലങ്ങളിൽ സ്വീകരിച്ചുവരുന്നു. വനാതിർത്തി കണ്ടെത്തുന്നതിനുള്ള സർവ്വേ ജോലികളിലെ കാലതാമസം ഒഴിവാക്കുന്നതിനായി 120 വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് മൂന്നുമാസത്തെ സർവ്വെ പരിശീലനം |

നല്കി ഇവരുടെ സേവനം ഉപയോഗിച്ചു വരുന്നുണ്ട്. ഈ പ്രവർത്തിയ്ക്ക് ആവശ്യമായ ഫണ്ടും ലഭ്യമായിട്ടുണ്ട്. ജണ്ട നിർമ്മാണത്തിന്റെ പുരോഗതി വിലയിരുത്തുന്നതിലേയ്ക്കായി ഡിമാർക്കേഷൻ ഓഫ് ഫോറസ്റ്റ് ബൗണ്ടറീസ് എന്ന പ്രത്യേക മോഡ്യൂൾ തയ്യാറാക്കി സർക്കിൾ, ഹെഡ്ക്വാർട്ടേഴ്സ്, സർക്കാർ തലത്തിൽ പ്രതിമാസ അവലോകനം നടത്തിവരുന്നു.

(സി) വനമേഖലയിൽ കയ്യേറ്റം തടയുന്നതിനും വനപ്രദേശങ്ങൾ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ?

(സി) വനമേഖലയിൽ കയ്യേറ്റം തടയുന്നതിനും വനപ്രദേശങ്ങൾ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. വനം കയ്യേറ്റങ്ങൾ തടയുന്നതിനായി വനാതിർത്തികളിൽ ജണ്ടകളും, കയ്യാലകളും നിർമ്മിച്ചും, ഫീൽഡ് പട്രോളിംഗുകൾ യഥാസമയം നടത്തിയും വനസംരക്ഷണ സമിതികൾ മുഖേന ബോധവൽക്കരണം സംഘടിപ്പിച്ചും നടപടികൾ സ്വീകരിച്ചുവരുന്നു. പുതുതായി ശ്രദ്ധയിൽ വരുന്ന വനം കയ്യേറ്റങ്ങൾ അപ്പപ്പോൾ തന്നെ ഒഴിപ്പിക്കാറുണ്ട്. അനധികൃത വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി ബഹു.ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരവും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**